4. ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. പാലോട് രവി : സർ, ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

5. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

10.11 AM]

VIII. ക്രമപ്രശ്നം

(1) എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ അച്ചടി സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ അച്ചടി സംബന്ധിച്ച ക്രമപ്രശ്നമാണ് ഉന്നയിക്കുന്നത്. 2015 മാർച്ച് മാസം നടന്ന എസ്.എസ്എൽ.സി. പരീക്ഷയുടെ ഇൻഫർമേഷൻ ടെക്നോളജി പരീക്ഷ (ന്യൂ സ്കീം) ഓൺലൈനായിട്ടാണ് നടത്തിയത്. അതിനുള്ള ചോദ്യപേപ്പർ അച്ചടിച്ചിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി നൽകിയത്. പരീക്ഷാ സെക്രട്ടറി ഒപ്പിട്ടുനൽകിയ രേഖയിൽ പറഞ്ഞിട്ടുള്ളത് ഈ പരീക്ഷയ്ക്കായി 6 ലക്ഷത്തിലേറെ ചോദ്യപേപ്പർ അച്ചടിച്ചു എന്നാണ്. പേപ്പറുകളുടെ ബിൽ, പ്രിന്റിംഗ് പ്രസ്സ് പരീക്ഷാഭവന് കൈമാറിയിട്ടുണ്ട്. ഓൾഡ് സ്കീമിലെ കുട്ടികൾക്ക് മാത്രമാണ് ചോദ്യപേപ്പർ അച്ചടിച്ച് നൽകിയതെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടിയിൽ പറഞ്ഞിട്ടുള്ളത്, അത് വെറും 91540 ചോദ്യപേപ്പറുകൾ മാത്രമാണ്. ലക്ഷക്കണക്കിന് രൂപയുടെ വെട്ടിപ്പ് ഇതിലൂടെ നടന്നിട്ടുണ്ട്. ഓൺലൈനായി നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പർ അനാവശ്യമായി അച്ചടിച്ചത് പരീക്ഷയുടെ ഗൗരവസ്വഭാവവും രഹസ്യസ്വഭാവവും നഷ്ടപ്പെടുത്തുന്നത് മാത്രമാണ്. അഴിമതിയും കെടുകാര്യസ്ഥതയും മൂടിവച്ച് സഭയിൽ വസ്തുതാവിരുദ്ധവും തെറ്റിദ്ധാരണാജനകവുമായ മറുപടിയാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയിരിക്കുന്നത്. ഇക്കാര്യം സംബന്ധിച്ച് അന്വേഷണം നടത്തി നിജഃസ്ഥിതി സഭയെ അറിയിക്കാനും തെറ്റുകൾ തിരുത്താനും അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചത് ചട്ടം 303 പ്രകാരമാണ്. 303 പ്രകാരം ഉന്നയിക്കുന്ന ക്രമപ്രശ്നം, നിയമസഭാ ചട്ടങ്ങളുടെയോ ഭരണഘടനയിൽ സഭയുടെ കാര്യനിർവ്വഹണം ക്രമീകരിക്കുന്ന അനുച്ഛേദങ്ങളുടെയോ വ്യാഖ്യാനത്തേയോ നടപ്പാക്കലിനേയോ സംബന്ധിച്ചുള്ളതായിരിക്കണം. ഒരു മന്ത്രിയോ അംഗമോ നടത്തിയ പ്രസ്താവനയിലെ തെറ്റ് ചൂണ്ടിക്കാണിക്കാനുള്ള നടപടിക്രമങ്ങളിലെ ഡയറക്ഷൻ നമ്പർ 1 (എ)-യിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരമാണ് സഭയിൽ ഉന്നയിക്കേണ്ടത്. ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരത്തിൽ ഏതെങ്കിലും വിധത്തിലുള്ള പിശക് സംഭവിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന് അത് തിരുത്താനുള്ള അവകാശവും അവസരവുമുണ്ട്.

വിദ്യാഭ്യാസ വകപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ തെറ്റ് വന്നിട്ടുണ്ടെങ്കിൽ തീർച്ചയായും അത് തിരുത്തുന്നതാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, മറുപടി വ്യക്തമല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി തിരുത്തുമെന്നാണ് പറഞ്ഞത്. അദ്ദേഹം അക്കാര്യം പരിശോധിക്കും.

ശ്രീ. മാത്യു റ്റി. തോമസ് : സർ, തെറ്റ് വന്നിട്ടുണ്ടെങ്കിൽ പരിശോധിക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, അങ്ങനെയല്ലല്ലോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അങ്ങേക്ക് നേരത്തെ എഴുതി നൽകിയതാണ്. അങ്ങ് ആ നോട്ടീസ് മന്ത്രിക്ക് കൊടുത്തിട്ടുണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം നേരത്തെ മനസ്സിലാക്കി സഭയിൽ പറയണ്ടേ; തെറ്റ് പറ്റിയിട്ടുണ്ടെങ്കിൽ തിരുത്താമെന്ന് പറഞ്ഞാൽ മതിയോ? ബഹുമാനപ്പെട്ട സ്പീക്കർ നോട്ടീസ് കൊടുത്തപ്പോൾ എന്താണ് വസ്തുതയെന്ന് ഡിപ്പാർട്ട്മെന്റ് വഴി മനസ്സിലാക്കി സഭയിൽ ഉത്തരം പറയാനുള്ള ബാദ്ധ്യത മന്ത്രിക്കുണ്ട്. നിയമസഭയെ ഇങ്ങനെ മോക്കറിയാക്കി മാറ്റാമോ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം വ്യക്തമായി പരിശോധിക്കുകയും തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ അത് തിരുത്തുകയും ചെയ്യും. .....(ബഹളം).....

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇതിന് സമാനമായ ഒരു കാര്യം ഞാൻ ഉന്നയിച്ചതിന് തെറ്റായി മറുപടി നൽകിയിട്ട്, ബഹുമാനപ്പെട്ട മന്ത്രി ഇതുവരെയും പരിശോധിച്ചശേഷം മറുപടി നൽകിയിട്ടില്ല. നാളെ സഭ അവസാനിക്കുകയാണ്.

1000/2018

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. വി. എസ്. സുനിൽ കുമാർ, ഒരു ക്രമപ്രശ്നത്തെ സംബന്ധിച്ച് ചർച്ച ഇങ്ങനെ പോകരുത്. സഭയിൽ നൽകുന്ന ഉത്തരത്തിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ അത് തിരുത്താനുള്ള അവസരം ബഹുമാനപ്പെട്ട മന്ത്രിമാർക്കുണ്ട്. മന്ത്രി അത് പരിശോധിച്ച് തെറ്റുണ്ടെങ്കിൽ തിരുത്തുമെന്ന് പറഞ്ഞുകഴിഞ്ഞു.....(ബഹളം)....ഇത്തരത്തിൽ തന്നിട്ടുള്ളതിലെല്ലാം ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടി കിട്ടിക്കഴിഞ്ഞാൽ നാളെത്തന്നെ അവ എടുക്കും. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, അബ്കാരി ആക്ടുമായി ബന്ധപ്പെട്ട് രണ്ട് എസ്.ആർ.ഒ.-കളിൽ വന്നിട്ടുള്ള ചില പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. എസ്.ആർ.ഒ. നം. 187/15- In exercise of the powers conferred by Sections 18A, 24 and 29 of the Abkari Act എന്നാണ്. മറ്റ് കാര്യങ്ങളൊന്നും വായിക്കുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ശ്രീ. എൻ. ഷംസുദ്ദീൻ ഇപ്പോൾ അങ്ങയെ വിളിച്ചത് S.R.O. No. 218/11 അവതരിപ്പിക്കാനാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, അത് പറഞ്ഞിട്ടില്ല. ഇന്നത്തെ അജണ്ടയിൽ അടിച്ചുവന്നത് ഇതാണ്. മറ്റേതുകൂടി പറയാം.

മി. സ്പീക്കർ : അച്ചടിച്ചതനുസരിക്കുന്നതിൽ ഐറ്റം 9-ൽ ക്രമപ്രശ്നം രണ്ടെണ്ണമുണ്ട്. ഒന്ന്, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെയും രണ്ട്, ശ്രീ. എൻ. ഷംസുദ്ദീന്റെയുമാണ്. അതിൽ പ്രതിപക്ഷ നേതാവിനെ വിളിച്ചു കഴിഞ്ഞാൽ അടുത്ത ഐറ്റം 10-ലാണ് ചട്ടം 300 അനുസരിച്ചുള്ള ക്രമപ്രശ്നം. സാധാരണ ക്രമപ്രശ്നമൊന്നും അജണ്ടയിൽ വരാറില്ല. ക്രമപ്രശ്നം അല്ലാതെ ചേർക്കുന്നതാണ്. ചട്ടം 300 അജണ്ടയിൽ വരും. ക്രമപ്രശ്നം ഉന്നയിക്കുന്നതിനായി പ്രതിപക്ഷ നേതാവിനെ വിളിച്ചുകഴിഞ്ഞു.

(2) എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലുണ്ടായ കാലതാമസം

10.20 AM]

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, റൂൾ 303 പ്രകാരം ഞാൻ കൊടുത്തിട്ടുള്ളത്, S.R.O. No. 218/2011, S.R.O. No. 510/2011 എന്നിവ 29-6-2015-നാണ് സഭയുടെ മേശപ്പുറത്ത് അംഗങ്ങൾക്ക് ലഭ്യമാക്കിയത്. ഈ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത് 2011 മാർച്ച് 16-നും 2011 ആഗസ്റ്റ് 20-നുമാണ്. ഇതിൽ